# വേണം ഒരു മാറ്റം മതവിദ്യാഭ്യാസ മേഖലയിൽ

*(എട്ടുവർഷമായി തിരുവനന്തപുരത്ത് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി(SCERT)യിൽ അസി. പ്രഫസറായി സേവനമനുഷ്ഠിക്കുകയാണ് ലേഖകൻ. മുപ്പത്തിയൊന്ന് വർഷത്തെ അക്കാദമിക പരിചയം. സംസ്ഥാനത്ത് അറബി പാഠപുസ്തക രചന, അധ്യാപകസഹായി നിർമാണം, മൂല്യനിർണയോപാധികൾ വികസിപ്പിച്ചെടുക്കൽ, അധ്യാപക പരിശീലനം, പാഠ്യപദ്ധതി തയാറാക്കൽ എന്നിവക്ക് നേതൃത്വം നൽകി വരുന്നു. ഫോൺ: 0471-2341883*
*അടിയന്തര പ്രാധാന്യമുള്ളതും കാലിക പ്രസക്തവുമായ ഈ വിഷയത്തെക്കുറിച്ച് വായനക്കാരിൽനിന്ന് അഭിപ്രായങ്ങൾ ക്ഷണിക്കുന്നു. പ്രതികരണങ്ങൾ മൂന്നാഴ്ചക്കകം ലഭിച്ചിരിക്കണം. എഡിറ്റർ).*

**ഭാസുരമായ** ഭാവി ഏതൊരു സമൂഹത്തിന്റെയും സ്വപ്നമാണ്. വികസനവും പരിവർത്തനവും ഉറപ്പുവരുത്താനുള്ള മുന്നുപാധിയാണ് വിദ്യാഭ്യാസം. വ്യക്തിയുടെ പരിവർത്തനത്തിലൂടെയും വികാസത്തിലൂടെയും ഉന്നതിയും ക്ഷേമവും കൈവരിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിമോചനത്തിന്റെ ഒരുപാധിയായും സമൂഹത്തിന്റെ ഭാവി നിർണ്ണയിക്കുന്ന ശക്തിയായും വിദ്യാഭ്യാസം വിവക്ഷിക്കപ്പെടുന്നു. ഉത്തമ പൗരനെയും മാതൃകാസമൂഹത്തെയും സ്വപ്നം കാണുന്ന എല്ലാ പ്രത്യയശാസ്ത്രങ്ങളും സമഗ്രവും സന്തുലിതവുമായ വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഊന്നി പറഞ്ഞിട്ടുണ്ട്. മാനവരാശിയുടെ ഇഹപര വിജയത്തിനു നിദാനമായ ഖുർആൻ അറിവിന്റെയും പഠനത്തിന്റെയും ചിന്തയുടെയും മനനത്തിന്റെയും പ്രാധാന്യം അടിക്കടി ഉണർത്തുന്നു. വായിക്കാനും എഴുത്തും വായനയും പഠിപ്പിച്ച നാഥന്റെ അത്യുദാരതയെ പുകഴ്ത്താനും ആവശ്യപ്പെട്ടുകൊണ്ടാണ് ഖുർആന്റെ അവതരണാരംഭം എന്നതു ചിന്തനീയമാണ്.

### ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടുകളും പരിഷ്കരണങ്ങളും

സ്വാഭാവികവും സജീവവും അർഥപൂർണവും ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്നതുമായ ഒരു പ്രക്രിയയാണ് പഠനം. യഥാർഥത്തിൽ മറ്റൊരാളെ

പഠിപ്പിക്കുകയല്ല ചെയ്യുന്നത്. പഠനപ്രക്രിയക്ക് ആവശ്യമായ വിഭവങ്ങൾ ഒരുക്കി കൊടുക്കുക മാത്രമാണ്. ഇതാണ് അധ്യാപകരുടെ ധർമ്മം. പാഠ്യപദ്ധതി, പഠനസാമഗ്രികൾ, ബോധനരീതി, മൂല്യനിർണയരീതി എന്നിവ കാര്യക്ഷമമായ പഠനപ്രക്രിയയെ നിയന്ത്രിക്കുന്ന ഘടകങ്ങളിൽ മുഖ്യമായവയാണ്. അധ്യാപകൻ, വിദ്യാർഥി, രക്ഷിതാവ് എന്നിങ്ങനെ ചില പ്രധാന ഘടകങ്ങളും കാണാം. വിശകലനമനുസരിച്ച് പഠിതാവ്(Learner) അഥവാ വിദ്യാർഥിയാണ് പഠനപ്രക്രിയയിലെ കേന്ദ്രബിന്ദു.

കുട്ടിയാണ് പഠനബോധന പ്രക്രിയയിലെ മുഖ്യഘടകം. ആധുനിക ബോധനശാസ്ത്രം കുട്ടിയുടെ ബൗദ്ധിക വ്യാപാരങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നു. ആവർത്തനത്തിലൂടെ പരിശീലിപ്പിച്ചെടുക്കേണ്ടവനല്ല കുട്ടിയെന്നും, പ്രകൃതിദത്തമായ വിശേഷബുദ്ധിയുപയോഗിച്ച് ആശയങ്ങളും ധാരണകളും സ്വയം നിർമ്മിച്ചെടുക്കേണ്ടവനാണെന്നും ആധുനിക വിദ്യാഭ്യാസ ദർശനങ്ങൾ തിരിച്ചറിയുന്നു. പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ പ്രമുഖ വിദ്യാഭ്യാസ ചിന്തകരും ഇതേ ആശയം മുന്നോട്ടു വെച്ചതായി കാണാം. ചില ഉദാഹരണങ്ങൾ:

'വിവിധ ഗ്രന്ഥകാരന്മാരിൽ നിന്നും സ്വരുക്കൂട്ടിയ പദങ്ങളുടെയും വാചകങ്ങളുടെയും ആശയങ്ങളുടെയും ശേഖരം കുട്ടികളുടെ തലയിൽ കുത്തിനിറക്കലല്ല ശരിയായ വിദ്യാഭ്യാസം, മറിച്ച് അറിയാനുള്ള അവരുടെ കഴിവിനെ പുറംലോകത്തേക്ക് തുറന്നു വെക്കലാണ്. അങ്ങനെ ചെയ്താൽ ഒരു മരത്തിന്റെ മുകുളത്തിൽ നിന്ന് ഇലകളും പൂക്കളും കായ്കളും പുറപ്പെടുന്നതുപോലെ അവരുടെ മനസ്സിൽ നിന്നും ജീവസ്സുള്ള ജലപ്രവാഹം തന്നെ നിർഗളിക്കും' (ജാൻ ആമോസ് കൊമേനിയസ് - 1649).

'ഓരോ വ്യക്തിയും സ്വന്തം നിലയിൽ നടത്തുന്ന തെരഞ്ഞെടുപ്പിലൂടെ തന്നിലുള്ള ദൈവികമായ സ്വത്വത്തിന്റെ പരിശുദ്ധവും പരിപാവനവുമായ പ്രകാശനമാണ് നിർവ്വഹിക്കുന്നത്. ഇതിനു സഹായകമായ നിലയിൽ ബോധമുള്ള, ചിന്തിക്കുന്ന, സംവേദനക്ഷമതയുള്ള ഒരു മനുഷ്യനായി മാറുന്നതിനുവേണ്ട പ്രോത്സാഹനവും സഹായവും നൽകുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ......ആത്മാവിഷ്കാരത്തിന്റെ മുളകൾ ഓരോരുത്തരുടെയും ഉള്ളിലുണ്ട്. അതു വളർന്നു പന്തലിക്കാനുള്ള സാഹചര്യമൊരുക്കുകയാണ് വേണ്ടത്. ഇതാകട്ടെ ശൈശവത്തിൽ തന്നെ ആരംഭിക്കണം' (ഫ്രോബൽ -1782-1852).

'ബോധനശാസ്ത്രപരമായി നോക്കിയാൽ ശാസ്ത്ര പഠനത്തിന്റെ ശരിയായ തുടക്കം ശാസ്ത്രമെന്ന് ലേബൽ ചെയ്ത കാര്യങ്ങൾ പഠിക്കലല്ല, മറിച്ച് പരിചിതമായ തൊഴിലുകളും ഉപകരണങ്ങളും നേരിട്ടു നിരീക്ഷിച്ചും പരീക്ഷിച്ചും തുടങ്ങുകയും അതുവഴി പരിചിതമായ പ്രായോഗിക പ്രവർത്തനങ്ങളിൽ നിന്നും ഗ്രഹിക്കാവുന്ന രൂപത്തിൽ ചില അടിസ്ഥാന തത്വങ്ങളെക്കുറിച്ചുള്ള അറിവുകളിൽ എത്തിച്ചേരുകയുമാണ്. ഇങ്ങനെയാണ് ശാസ്ത്ര പഠനം' (ജോൺ ഡ്യൂയി).

'കുട്ടികളുടെ മനസ്സിൽ പലതരം അറിവുകൾ കുത്തിച്ചെലുത്തുന്നതിലാണ് നാം നമ്മുടെ ശക്തിയെല്ലാം ഇന്നു വരെയും കേന്ദ്രീകരിച്ചത്. അവരുടെ മനസ്സിന് പ്രചോദനമോ വികാസമോ നൽകണമെന്ന് നാം ഒരിക്കലും വിചാരിച്ചിട്ടില്ല' (മഹാത്മാ ഗാന്ധി).

> സർവാംഗീകൃതമായ വിദ്യാഭ്യാസ ദർശനങ്ങളോടും ബോധന രീതികളോടും കുട്ടികളുടെ പ്രകൃതത്തോടും നിലവിലെ മതവിദ്യാഭ്യാസ രീതി പൊരുത്തപ്പെടുന്നില്ല. ലഭ്യമാകുന്ന സമയവും നിശ്ചയിക്കപ്പെട്ട ഉള്ളടക്കവും തമ്മിൽ വലിയ അന്തരമുണ്ട്. ഭാഷാപഠനത്തിനായി ഉപയോഗിക്കുന്നത് പഴയ പാഠപുസ്തകരീതിയാണ്. ആവർത്തിച്ചുരുവിട്ടു പഠിക്കുന്നതും കുട്ടിയിൽ ആവശ്യബോധമുളവാക്കാത്തതും നിർജ്ജീവമായ പദങ്ങൾ പരിചയപ്പെടുത്തുന്നതുമായ ഭാഷാ പഠനരീതി വിരസതയുണ്ടാക്കുന്നു.

'കുട്ടി നേരിട്ട് പഠനസാഹചര്യവുമായും, സാമഗ്രികളുമായും സംവദിച്ചും പ്രവർത്തിച്ചും പഠനം നടത്തുമ്പോൾ അവൻ വിനീതവും ഗാഢവുമായ ശ്രദ്ധയോടെ തന്നെ ത്തന്നെ അതിൽ അർപ്പിക്കുന്നു, തന്റെ ബുദ്ധിയിൽ നിന്നും ഉരുത്തിരിയാവുന്ന മികച്ച കണ്ടെത്തലുകൾ നടത്തുകയും ചെയ്യുന്നു' (മോണ്ടിസോറി).

'പഠിപ്പിക്കപ്പെട്ട അറിവ് പാതി മാത്രമേ ശരിയാവൂ, പൂർണമായ അറിവ് കുട്ടി സ്വയം നടത്തുന്ന പഠനത്തിലൂടെയും നിർമാണത്തിലൂടെയും കണ്ടെത്തലിലൂടെയും ലഭിക്കുന്നതാണ്' (ജീൻ പിയാഷെ).

ആധുനിക വിദ്യാഭ്യാസ ദർശനങ്ങളുടെ വിധാതാക്കളായി അറിയപ്പെടുന്ന ജീൻ പിയാഷെ, വെഗോഡ്സ്കി, ജറോം എസ് ബ്രൂണർ, നോം ചോംസ്കി, ഹൊവാർഡ് ഏൾ ഗാർഡ്നർ തുടങ്ങിയവർ മുന്നോട്ടു വെക്കുന്ന ആശയങ്ങൾ ഇതിനോടു ചേർന്നു നിൽക്കുന്നു. ആന്തരികമായ കഴിവുകളുപയോഗിച്ച് ചുറ്റുപാടുകൾ നിരീക്ഷിക്കാനും മനസ്സിലാക്കാനും നടത്തുന്ന ശ്രമത്തിന്റെ ഭാഗമായി ഓരോ വ്യക്തിയും തനിക്കുചുറ്റുമുള്ള വസ്തുക്കളുമായും അനുഭവങ്ങളുമായും പ്രതികരണങ്ങളുമായും ബന്ധപ്പെടുത്തി മാനസിക നിർമിതികൾ (Mental Constructs) ഉൽപാദിപ്പിക്കുന്നു. ഈ പ്രക്രിയയാണ് പഠനത്തിൽ കലാശിക്കുന്നത് എന്നു സിദ്ധാന്തിക്കുന്നതോടൊപ്പം കുട്ടിയെ ഒരു സജീവ പങ്കാളിയായും കേന്ദ്രബിന്ദുവായും കണക്കാക്കുന്നു. പഠനം കുട്ടി തന്റെ പരിസരവുമായി ഇടപെടുമ്പോഴുണ്ടാകുന്ന വ്യക്തിപരവും ജീവശാസ്ത്രപരവുമായ ഒരു പരിണാമമായി പിയാഷെ വിലയിരുത്തുമ്പോൾ, കുട്ടി താൻ ജീവിക്കുന്ന സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളോട് ഇടപെട്ടുകൊണ്ട് നേടുന്ന പരിണാമമായി വെഗോഡ്സ്കി കണക്കാക്കുന്നു.

പഠനമെന്നത് മാനസിക നിർമ്മിതികളുടെ (Mental Constructs) രൂപീകരണമാണെന്ന് വിശദീകരിച്ചതിനാൽ സൃഷ്ട്യുന്മുഖവാദികൾ (Constructivists)എന്നാണ് ഇവർ അറിയപ്പെടുന്നത്. ജ്ഞാനനിർമിതിവാദ രീതിയുടെ (Constructivist Paradigm) ചില സവിശേഷതകൾ നോക്കാം:

- കുട്ടി(പഠിതാവ്) ആകുന്നു പഠന പ്രക്രിയയുടെ കേന്ദ്ര ബിന്ദു.
- പഠിതാവിന്റെ ബൗദ്ധിക(Cognitive) വൈകാരിക (Affective) ഇന്ദ്രിയചാലക (Psychomotor) മേഖലകൾക്ക് അർഹിക്കുന്ന പരിഗണന നൽകുന്നു.
- ബോധനത്തെക്കാൾ പഠനത്തിന് ഊന്നൽ നൽകുന്നു.
- എന്തു പഠിച്ചു (Product) എന്നതുപോലെത്തന്നെ എങ്ങനെ പഠിച്ചു (Process) എന്നതിന്നും പരിഗണന നൽകുന്നു.
- പഠിതാവിന്റെ നൈസർഗിക ജിജ്ഞാസയെയും അന്വേഷണ മനോഭാവത്തെയും പ്രോത്സാഹിപ്പിക്കുന്നു.
- യഥാർഥ അനുഭവങ്ങളിൽ നിന്ന് പുതിയ അറിവുകളും ധാരണകളും നിർമിക്കാൻ അവസരമൊരുക്കുകയും അത്തരത്തിൽ പഠിതാക്കൾ നിർമ്മിക്കുന്ന മാനസിക മാതൃകകളെ (Mental

modules) കണക്കിലെടുക്കുകയും ചെയ്യുന്നു.

- ആവർത്തിച്ചും അനുകരിച്ചുമാണ് പഠനം നടക്കുന്നതെന്ന വാദത്തെ പൂർണമായും നിരാകരിക്കുന്നു. മറിച്ച് ചുറ്റുപാടിനെ നിരീക്ഷിച്ചും ചുറ്റുപാടുമായി ബന്ധപ്പെട്ടും കുട്ടികൾ സ്വയം നടത്തുന്ന അനുരൂപീകരണ പ്രക്രിയയാണ് (Adaptation) പഠനത്തിനാധാരം എന്നു തിരിച്ചറിയുന്നു.
- മനുഷ്യൻ ഇതര ജീവികളെപ്പോലെ ജീവശാസ്ത്രപരമായ ജന്മ സവിശേഷതകളാൽ പരിമിതപ്പെടുന്നില്ല, മറിച്ച് അവൻ വ്യാപൃതമാകുന്ന നിരന്തര സംഭവങ്ങൾ, അവയുൾക്കൊള്ളുന്ന സാമൂഹിക സാഹചര്യങ്ങൾ, സ്ഥാപനങ്ങൾ, ഇവയുടെ സാംസ്കാരികാടിത്തറ തുടങ്ങിവയുടെ സ്വാധീനത്താൽ ബൗദ്ധികശേഷി വളർത്തുകയും തിരിച്ചറിവ് നേടുകയും പഠനം നടത്തുകയും ചെയ്യുന്നു.
- സമൂഹം വ്യക്തിയേയും വ്യക്തി സമൂഹത്തേയും സൃഷ്ടിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്നു.
- സ്വയം പഠനത്തിന് കുട്ടിയെ പ്രാപ്തനാക്കുകയും, അതിന്നായി താഴെ കാണുന്ന പഠനരീതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

– സഹകരിച്ചുള്ള പഠനം (Co- Operative Learning)
– അന്വേഷണാത്മക പഠനം (Enquiry Learning)
– കണ്ടെത്തൽ പഠനം (Discovery Learning)
– സംവാദാത്മക പഠനം (Interactive Learning)
– സഹവർത്തിത പഠനം (Collaborative Learning)

- കുട്ടികളുടെ വിവിധ കഴിവുകൾ കണക്കിലെടുക്കുകയും അവയ്ക്ക് അർഹമായ പരിഗണന നൽകുകയും ചെയ്യുന്നു.

സ്വന്തം മക്കളടക്കമുള്ള കുഞ്ഞുങ്ങളെ നിരീക്ഷിച്ചും പഠനവിധേയമാക്കിയുമാണ് ജ്ഞാനനിർമിതിവാദികൾ അവരുടെ ആശയങ്ങൾ രൂപീകരിച്ചതെന്ന് മനസ്സിലാക്കാം. അതിനാൽതന്നെ മനുഷ്യപ്രകൃതിയോട് ഏറെ അടുത്തു നിൽക്കുന്നതും മനുഷ്യന്റെ സവിശേഷതകളിൽ പരമപ്രധാനമായ വിശേഷ ബുദ്ധിയേയും ബുദ്ധിയുടെ വ്യവഹാരങ്ങളേയും കണക്കിലെടുത്തുകൊണ്ടുള്ളതുമാണ് ഈ സിദ്ധാന്തം എന്നത് അവിതർക്കിതമായ വസ്തുതയാണ്.

## നിലനിന്നിരുന്ന വിദ്യാഭ്യാസ കാഴ്ചപ്പാടുകളും ദർശനങ്ങളും

ആധുനികരും പൗരാണികരുമായ വിദ്യാഭ്യാസ ചിന്തകരിൽ പ്രമുഖരായ പലരും കുട്ടിയുടെ ഭാഗത്തു നിന്നുകൊണ്ട് ഉപരിസൂചിത ആശയങ്ങൾ മുന്നോട്ടു വെക്കുന്നു. പക്ഷേ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു വിദ്യാഭ്യാസ രീതിയാണ് കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലം വരെയും നിലനിന്നിരുന്നത്. പലവിധ കാരണങ്ങളാൽ മാറ്റങ്ങൾക്ക് വിധേയമാകാതെ നിലനിന്നിരു ഈ വിദ്യാഭ്യാസരീതിയും ബോധനശാസ്ത്രവും ചേഷ്ടാവാദ (Behaviorism) ത്തിലധിഷ്ഠിതമായിരുന്നു. ഇവാൻ പാവ്ലോ, ആർ.എൽ തൊണ്ടയിക്, ബി.എഫ് സ്കിന്നർ, ടാൾമാൻ തുടങ്ങിയവർ പ്രമുഖ ചേഷ്ടാവാദ (Behaviorist) സൈദ്ധാന്തികരിൽ ചിലരാണ്. ചേഷ്ടാവാദത്തിലധിഷ്ഠിതമായ പഠനബോധന രീതി (Behaviorist paradigm) പരിശോധിക്കുമ്പോൾ താഴെ പറയുന്ന സവിശേഷതകളാണ് കാണാൻ കഴിയുന്നത്.

> മതവിദ്യാലയങ്ങളിലൂടെ നാം നൽകുന്ന മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ സ്വാധീനം ചെലുത്തുന്നില്ല. എന്നുമാത്രമല്ല പലപ്പോഴും വിപരീത ഫലമുണ്ടാക്കുകയും ഇത്രയൊന്നും ശാസ്ത്രീയവും ആസൂത്രിതവുമായ മതവിദ്യാഭ്യാസം നൽകപ്പെടാത്ത കുട്ടികളുമായി അവരെ താരതമ്യം ചെയ്യുമ്പോൾ ഈ സംശയം അസ്ഥാനത്തല്ലെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങളെ അർഹിക്കുന്ന പരിഗണന നൽകി പഠനവിധേയമാക്കുന്നതിലും പുനർ വിചിന്തനത്തിന് മുതിരുന്നതിലും സമുദായനേതൃത്വം അലംഭാവം കാട്ടുന്നു.

- മനുഷ്യപ്രകൃതിയുടെ സവിശേഷതയായ ബൗദ്ധികമേഖല (Cognitive domain), വൈകാരിക മേഖല (Affective domain) തുടങ്ങിയവക്ക് അർഹിക്കുന്ന പരിഗണന നൽകുന്നില്ല.
- പട്ടി, പൂച്ച, എലി, പ്രാവ് തുടങ്ങിയ ജീവികളിൽ നടത്തിയ പരീക്ഷണ നിരീക്ഷണങ്ങളാണ് ഈ സിദ്ധാന്തങ്ങൾക്കാധാരം.
- ചോദന-പ്രതികരണ(Stimulus -Response) ബന്ധത്തിലധിഷ്ഠിതമാണ് പഠന ബോധന പ്രക്രിയ.
- ആവർത്തനത്തിലൂടെയും അനുകരണത്തിലൂടെയുമാണ് പഠനം നടക്കുന്നത്.
- പഠനലക്ഷ്യവും, പഠനചുമതലകളും, പഠനരീതിയും അധ്യാപകർ തന്നെ തീരുമാനിക്കത്തക്കവിധത്തിൽ അധ്യാപക കേന്ദ്രീകൃത രീതി പിന്തുടരുന്നു.
- ഉള്ളടക്കത്തിന്ന് അമിത പ്രാധാന്യം നൽകുന്നു. പഠനപ്രക്രിയയേക്കാൾ (Process) പഠനോപകരണ(Product)ത്തിന്ന് പ്രാമുഖ്യം നൽകുന്നു.
- കുട്ടി അറിവിന്റെ സ്വീകർത്താവും അധ്യാപകൻ അറിവിന്റെ വിതരണക്കാരനുമായി ഗണിക്കപ്പെടുന്നു.
- കുട്ടികളുടെ വിവിധങ്ങളായ കഴിവുകളെ പരിഗണിക്കാതിരിക്കുകയും വിവരങ്ങൾ സ്വീകരിക്കാൻ മാത്രം കഴിവുള്ളവനായി കണക്കാക്കുകയും ചെയ്യുന്നു.
- കുട്ടികൾക്ക് എല്ലാം പഠിപ്പിച്ചു കൊടുക്കണമെന്നും, അധ്യാപനമെന്നാൽ പരിശീലിപ്പിക്കലാണ് എന്നും വിവക്ഷിക്കപ്പെടുന്നു.
- മനഃപാഠമാക്കലിന് അമിതപ്രാധാന്യം നൽകുക വഴി ആശയ ഗ്രഹണം അവഗണിക്കപ്പെടുന്നു.
- കുട്ടിയുടെ പ്രകൃതം കണക്കിലെടുക്കാതെ സ്ഥിരവും കർശനവുമായ ക്രമീകരണം ഏർപ്പെടുത്തുന്നു.
- ഓർമ പരിശോധനയിൽ മാത്രം പരിമിതമായ പരീക്ഷാസമ്പ്രദായം നിലനിൽക്കുന്നു.
- സ്വയംപഠനത്തിന് സഹായകമായ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് അവസരം നൽകാതിരിക്കുകയും അറിവ് അധ്യാപകരിൽനിന്ന് കുട്ടിയിലേക്ക് പകരുന്ന പ്രക്രിയ നിലനിർത്തുകയും ചെയ്യുന്നു.

## മതവിദ്യാഭ്യാസ രംഗം

ഒരു സമൂഹത്തിന്റെ ഉയർച്ചയും താഴ്ചയും അതിന്റെ ഇളംതലമുറയെ ആശ്രയിച്ചിരിക്കുന്നു. ഇളംതലമുറയെ എങ്ങനെ വളർത്തിയെടുക്കുന്നു എന്നതിനെ ആശ്രയിച്ചാണ് സമൂഹത്തിന്റെ അതിജീവനശേഷിയും ഭാവിയെക്കുറിച്ചുള്ള ഉൽക്കർഷാഭിലാഷങ്ങളും ഫലപ്രാപ്തിയിലെത്തുന്നത്. മാനവരാശിയുടെ സർവോന്മുഖമായ വിജയത്തിനു നിദാനമായ ആശയാദർശവും വിജ്ഞാനവും ഉള്ള സമൂഹമാകുമ്പോൾ ഇതിന്റെ ഫലം ശതഗുണീഭവിക്കുന്നു. 'സത്യസന്ധമായ അറിവും അനുഭവവും സൃഷ്ടിക്കുന്ന ശരിയായ തിരിച്ചറിവിന്റെ വെളിച്ച

ത്തിൽ മനുഷ്യനെ അവനിലെ സകലമാന സവിശേഷഘടകങ്ങളെയും സമഗ്രമായും സന്തുലിതമായും വളർത്തിയെടുത്ത് പാക പ്പെടുത്തി പരിപൂർണനാക്കുന്ന സർഗാത്മക പ്രക്രിയയാണ് ഇസ്‌ലാമിക കാഴ്ചപ്പാടിൽ വിദ്യാഭ്യാസം (*ബോധനം* ലക്കം: 6 വാള്യം: 6). എന്നാൽ നമ്മുടെ മതവിദ്യാലയങ്ങളിൽ നില നിൽക്കുന്ന പഠനബോധന രീതിയും പാഠ്യപദ്ധ തിയും പഠനസാമഗ്രികളും പരിശോധിക്കു മ്പോൾ കുട്ടികളുടെ പ്രകൃതത്തിനു യോ ജിക്കാത്തതും കുട്ടികളോട് സംവദിക്കാത്ത തുമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. അ ധ്യാപകകേന്ദ്രീകൃതവും പുസ്തക കേന്ദ്രീകൃത വുമായ രീതിയാണ് മത സ്ഥാപനങ്ങളിൽ തു ടർന്നു വരുന്നത്.

സർവാംഗീകൃതമായ വിദ്യാഭ്യാസ ദർശന ങ്ങളോടും (Educational Theories) ബോധന രീതികളോടും (Methodologies) കുട്ടികളുടെ പ്രകൃതത്തോടും (Child Psychology) നിലവിലെ മതവിദ്യാഭ്യാസ രീതി പൊരുത്തപ്പെടുന്നില്ല. ലഭ്യമാകുന്ന സമയവും നിശ്ചയിക്കപ്പെട്ട ഉള്ളട ക്കവും തമ്മിൽ വലിയ അന്തരമുണ്ട്. ഭാഷാപാ ഠനത്തിനായി ഉപയോഗിക്കുന്നത് പഴയ പാഠപു സ്തകരീതിയാണ്. ആവർത്തിച്ചുരുവിട്ടു പഠി ക്കുന്നതും കുട്ടിയിൽ ആവശ്യബോധമുളവാ ക്കാത്തതും നിർജ്ജീവമായ പദങ്ങൾ പരിചയ പ്പെടുത്തുന്നതുമായ ഭാഷാ പഠനരീതി വിരസത യുണ്ടാക്കുന്നു.

മതവിദ്യാഭ്യാസത്തിന്റെ പോരായ്മകൾ വർഷങ്ങളായി ചർച്ച ചെയ്യപ്പെടാറുണ്ടെങ്കിലും ക്രിയാത്മകമായ ഒരു പ്രവർത്ത നവും ഉണ്ടാകുന്നില്ലെന്നത് ആശങ്കയുളവാക്കുന്നു. മതവിദ്യാല യങ്ങളിലൂടെ നാം നൽകുന്ന മൂല്യങ്ങളും മനോഭാവങ്ങളും കുട്ടി കളിൽ സ്വാധീനം ചെലുത്തുന്നില്ല. എന്നുമാത്രമല്ല പലപ്പോഴും വിപരീത ഫലമുണ്ടാക്കുകയും ഇത്രയൊന്നും ശാസ്ത്രീയവും ആസൂത്രിതവുമായ മതവിദ്യാഭ്യാസം നൽകപ്പെടാത്ത കുട്ടികളു മായി അവരെ താരതമ്യം ചെയ്യുമ്പോൾ ഈ സംശയം അസ്ഥാ നത്തല്ലെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങളെ അർഹിക്കുന്ന പരിഗണന നൽകി പഠ നവിധേയമാക്കുന്നതിലും പുനർ വിചിന്തനത്തിന് മുതി രുന്നതിലും സമുദായനേതൃത്വം അലംഭാവം കാട്ടുന്നു.

കേവലമായ ചില അറിവുകൾ ഓർമിച്ച് പരീക്ഷയെഴുതി സർട്ടിഫിക്കറ്റു വാങ്ങൽ മതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യമല്ലല്ലോ. തന്റെ ഇഹപര വിജയത്തിന്ന് സഹായകമായ ജീവിതം നയി ക്കുന്നതിന്ന് ആവശ്യമായ മനോഭാവങ്ങളും ധാരണകളും ശേഷികളും നൈപുണികളും നേടി ജീവിതത്തിൽ പ്രയോഗ വൽക്കരിക്കലാണ് ലക്ഷ്യം. കാതലായ ഈ ലക്ഷ്യ പ്രാപ്തി യിൽ നമ്മുടെ പ്രാഥമിക മതവിദ്യാഭ്യാസം എത്രമാത്രം സഹായ കമാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

കുട്ടിയുടെ ഗ്രഹണശേഷിയും ചിന്താപ്രക്രിയയുടെ സവി ശേഷതകളും കണക്കിലെടുക്കാതെ കുറെ അറിവുകൾ കുത്തി നിറച്ച രൂപത്തിലാണ് പാഠപുസ്തകങ്ങളധികവും. ഭാവനാ ലോ കത്തുള്ളതോ വളരെ അപൂർവ്വമായി മാത്രം സംഭവിച്ചേക്കാ വുന്നതോ ആയ പ്രശ്നങ്ങളുടെ (മസ്അലകൾ) പരിഹാരമാർഗ്ഗ ങ്ങൾ എട്ടും ഒമ്പതും വയസ്സായ കുട്ടികളെ പഠിപ്പിക്കുന്നു. എന്തി നാണ് ഇതെല്ലാം പഠിക്കുന്നതെന്ന് കുട്ടി ചിന്തിച്ചാൽ തൃപ്തികരമായ മറുപടി കിട്ടില്ല.

> മാനവരാശിയുടെ മാർഗദർശികളായ പ്രവാചകന്മാരുടെ നിയോഗത്തെ പരാമർശിക്കുന്നിടങ്ങളിൽ, 'ഗ്രന്ഥം പഠിപ്പിക്കുന്നതിനും, യുക്തിജ്ഞാനം നൽകുന്നതിനും, ദൃഷ്ടാന്തങ്ങൾ മനനം ചെയ്ത് പഠിപ്പിക്കുന്നതിനും' എന്നു പറഞ്ഞതായി കാണുന്നു. ഇത്തരത്തിലുള്ള ഒരു വേദം കൈയിൽ നൽകി ജനങ്ങൾക്ക് വേണ്ടി എഴുന്നേൽപിക്കപ്പെട്ടവരാണ് നിങ്ങൾ എന്നറിയിക്കപ്പെട്ടവരാണ് മുസ്‌ലിം സമുദായം. എന്നിട്ടും തലമുറകളെ വളർത്തിയെടുക്കേണ്ടുന്ന വിദ്യാഭ്യാസ മേഖലയിൽ പൊതു സമൂഹത്തിന് നേതൃത്വം നൽകാനും വഴികാട്ടാനും ഈ സമുദായ നേതൃത്വത്തിന്നാകുന്നില്ല. മാത്രമല്ല, മറ്റാരെങ്കിലും പഠിച്ച് പരീക്ഷിച്ച് മുന്നോട്ടു വെക്കുന്ന കാഴ്ചപ്പാടുകളെ ക്രിയാത്മകമായി വിലയിരുത്തുകയോ അതിന്നു സംവിധാനമൊരുക്കുകയോ ചെയ്യാതെ പുറംതിരിഞ്ഞുനിൽക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസ പ്രക്രിയയിലെ പ്രധാനപ്പെട്ട മറ്റൊരു കണ്ണി അധ്യാ പകനാണ്. അധ്യാപകന് ആവശ്യ മായ ശ്രേഷ്ഠതകളും പ്രത്യേകത കളും വിവരിക്കേണ്ടതില്ല. പ്രവാചക ന്മാരുടെ അടുത്ത പദവിയാണ് അ ധ്യാപകർക്കു നാം കൽപിക്കുന്നത്. ഇളം മനസ്സുകൾ മാവ് പോലെയാ ണെന്നും അതു രൂപപ്പെടുത്തുന്ന തിൽ മുഖ്യ പങ്ക് അധ്യാപകനാണെ ന്നും നമുക്കറിയാം. സ്വന്തം വിഷയ ത്തിലുള്ള ആഴമേറിയ അറിവ്, അ നുബന്ധ വിഷയങ്ങളിൽ സാമാന്യ പരിജ്ഞാനം, ആനുകാലിക സംഭ വവികാസങ്ങളിലുള്ള ധാരണ, ക ലാസാഹിത്യമേഖലകളിലുള്ള താൽപര്യം മുതലായവ അധ്യാപക നുണ്ടായിരിക്കേണ്ട യോഗ്യതകളാ ണ്. കേവലം അറിവു പകർന്നു കൊടുക്കേണ്ടവനല്ല കുട്ടിയുടെ അകക്കണ്ണ് തുറപ്പിക്കേണ്ടവനാണ് അധ്യാപകൻ. പക്ഷെ നമ്മുടെ മതാ ധ്യാപക സമൂഹത്തിന്റെ അവസ്ഥ ഏറെ കഷ്ടമാണ്. ഉൽപതിഷ്ണു ക്കളും അല്ലാത്തവരുമായി ആരാണ് ഈ രംഗത്ത് ഉത്തരവാദിത്തബോധത്തോടെ പ്രവർത്തി ക്കുന്നത്? കുട്ടികളിൽ ഒരു സ്വാധീനവും ചെലുത്താൻ പ്രാപ്തര ല്ലാത്ത, ഒരു മതിപ്പും സ്നേഹവും സുരക്ഷാബോധവും വ ളർത്താൻ സാധിക്കാത്ത അധ്യാപക സമൂഹമല്ലേ മതവിദ്യാ ഭ്യാസരംഗത്തെ അപചയത്തിന്റെ ഒരു കാരണം? അധ്യാപക ശാക്തീകരണത്തിലും പ്രാപ്തരായ അധ്യാപകരെ വളർത്തിയെ ടുക്കുന്നതിലും അക്ഷന്തവ്യമായ അലംഭാവമാണ് സമുദായം കാട്ടുന്നത്.

പഠന പ്രക്രിയയിലെ ഒട്ടും അവഗണിക്കാനാവാത്ത മറ്റൊരു ഘടകം രക്ഷിതാക്കളാണ്; വിശിഷ്യാ മാതാക്കൾ. കുഞ്ഞുങ്ങളെ വളർത്തുന്നതിലും അവരുടെ സ്വഭാവ രൂപീകര ണത്തിലും മാതാക്കളുടെ പങ്ക് അവിതർക്കിതമാണ്. പക്ഷേ, നമ്മുടെ മതവിദ്യാഭ്യാസരംഗം ഈ വസ്തുതയും വേണ്ടതു പോലെ പരിഗണിച്ചില്ല. മതവിദ്യാഭ്യാസത്തിലെ നല്ലൊരു ശത മാനം കാര്യങ്ങളും നിത്യജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട താണെന്നിരിക്കെ അതിന്റെ ഫലപ്രാപ്തിയിൽ കുടുംബാന്തരീ ക്ഷത്തിന് സുപ്രധാനമായ പങ്കാണുള്ളത്. അതിനാൽ രക്ഷാ കർതൃസമിതികൾ മുഖേന മാതാപിതാക്കളെ മദ്റസകളുമായി കോർത്തിണക്കണം. പൊതുവിദ്യാലയങ്ങൾ മാതാക്കളുടെ പങ്ക് കൃത്യമായി തിരിച്ചറിയുകയും M P TA മുഖേന കുട്ടികളുടെ വി ദ്യാഭ്യാസ പുരോഗതിയിൽ അവരുടെ സേവനം ഉറപ്പുവരുത്തു കയും ചെയ്യുന്നു. പക്ഷേ, മതവിദ്യാലയങ്ങളും മാതാക്കളും തമ്മിൽ ഒരു ബന്ധവുമില്ലാത്ത അവസ്ഥ ദയനീയമായി തുടരു കയാണ്. ഒരു ഉത്തമ സമൂഹത്തിന്റെ സൃഷ്ടി സ്വപ്നം കാണു ന്നവർ മതവിദ്യാലയങ്ങളുമായി മാതാക്കളെ ബന്ധിപ്പിക്കുന്ന തിന്നും മൊത്തം കുടുംബത്തിന്റെ സംസ്കരണത്തിനും പരിപാ

ടികളാസൂത്രണം ചെയ്യുകയും കൃത്യമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

കുട്ടിത്തം വിട്ടുമാറാത്ത, സ്നേഹവും പരിഗണനയും അംഗീകാരവും നിർലോഭം കിട്ടേണ്ടുന്ന ഇളം പ്രായത്തിൽ അമൂർത്ത ആശയങ്ങൾ ഒരു പരിധിക്കപ്പുറം ചിന്തിച്ചു ഗ്രഹിക്കാൻ കഴിയുകയില്ല എന്നിരിക്കെ വിരസമായ പഠന ബോധന രീതിയിലൂടെ അമൂർത്തങ്ങളായ ധാരാളം ആശയങ്ങളും വിജ്ഞാനങ്ങളും ചുരുങ്ങിയ മണിക്കൂറുകളിൽ ഹൃദിസ്ഥമാക്കേണ്ടിവരുന്ന കുട്ടിയുടെ മാനസികാവസ്ഥ ഊഹിക്കാവുന്നതേയുള്ളു. തന്നെ അംഗീകരിക്കുന്നതും തനിക്ക് കളിക്കാനും സംവദിക്കാനും അവസരമൊരുക്കുന്നതും കൂട്ടുകാരുമൊത്ത് സംഘപ്രവർത്തനത്തിന് അവസരമൊരുക്കുന്നതും തദ്വാരാ സ്വയംപഠനത്തിന് സാധിക്കുന്നതുമായ ഒരു പഠനരീതി അനുഭവിക്കാനും പ്രയോജനപ്പെടുത്താനും കുട്ടിക്ക് പൊതുവിദ്യാലയങ്ങളിൽ സാധിക്കുന്നു. ശൈശവത്തിലും ബാല്യത്തിലും കൗമാരത്തിലും മാറിക്കൊണ്ടിരിക്കുന്ന തന്റെ പ്രകൃതത്തിനനുയോജ്യമായ പഠന-ബോധന രീതിയോടാണോ അതോ പ്രകൃതത്തിനനുയോജ്യമല്ലാത്ത, തികച്ചും വിരസമായ പഠന-ബോധന രീതിയോടാണോ കുട്ടിക്കാഭിമുഖ്യമുണ്ടാകുക? ഏതാണ് കുട്ടിയിൽ പ്രതിഫലനം സൃഷ്ടിക്കുക?

### വിദ്യാഭ്യാസ മേഖലയോടുള്ള സമീപനം

വിദ്യാഭ്യാസ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണങ്ങളെയും മാറ്റങ്ങളെയും ക്രിയാത്മകമായി പഠിക്കാനും സ്വീകാര്യമായത് കൊള്ളാനും അല്ലാത്തത് തള്ളാനുമുള്ള ആർജവം സമുദായനേതൃത്വത്തിനു നഷ്ടപ്പെട്ട കാഴ്ചയാണ് ഡി.പി.ഇ.പി നടപ്പിലാക്കിയ കാലം മുതൽ കാണേണ്ടിവന്നത്. ഡി.പി.ഇ.പിയുടെ പല സദ്ഫലങ്ങളും അനുഭവവേദ്യമായപ്പോൾ പോലും അതിന്നടിത്തറയായി വർത്തിച്ച സിദ്ധാന്തങ്ങളേയും ദർശനങ്ങളേയും പഠിക്കാനും സമൂഹത്തിന് വഴികാട്ടിയായി വർത്തിക്കാനുമുള്ള ഉത്തരവാദിത്തം ഏറ്റെടുക്കാൻ വിമുഖത കാട്ടിയതായാണ് അനുഭവം. ഇസ്‌ലാമിക ജീവിതവ്യവസ്ഥക്കും ദർശനത്തിനും വെല്ലുവിളിയുയർത്തിക്കൊണ്ട് 18,19 നൂറ്റാണ്ടുകളിൽ അധീശത്വം പുലർത്തിയിരുന്ന മാർക്സിയൻ ധനതത്വശാസ്ത്രം, ഫ്രോയിഡിയൻ മനഃശാസ്ത്രം, ഡാർവിയൻ പരിണാമസിദ്ധാന്തം, പാശ്ചാത്യ സംസ്കാരം എന്നിവയുടെ പൊള്ളത്തരങ്ങൾ ചൂണ്ടികാട്ടാനും ഈ സിദ്ധാന്തങ്ങളുടെ നിലനിൽപുതന്നെ ചോദ്യം ചെയ്തുകൊണ്ടുള്ള ദർശനങ്ങളും കാഴ്ചപ്പാടുകളും ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും പുറത്തുവന്നപ്പോൾ അവയെ കാണാനും പ്രോത്സാഹിപ്പിക്കാനും സമുദായം ഒരളവുവരെ ഔത്സുക്യം കാണിച്ചു എന്നത് ആശ്വാസകരമാണ്. എന്നാൽ അതേ സിദ്ധാന്തങ്ങളുടെ അപചയങ്ങളുൾക്കൊള്ളുന്ന ചേഷ്ടാവാദത്തിലധിഷ്ഠിതമായ ഒരു പഠനബോധനരീതിയും ബോധനശാസ്ത്രവും നിലനിന്നപ്പോൾ അതിനെ പഠനവിധേയമാക്കാൻ തയാറായില്ല. എന്നുമാത്രമല്ല, അതിൽ നിന്നും വ്യത്യസ്തമായി മനുഷ്യപ്രകൃതിക്കനുയോജ്യമെന്നു തോന്നുന്ന ചേഷ്ടവാദത്തിന്റെ പല പോരായ്മകളും നികത്തുന്ന ദർശനങ്ങളും അതിലധിഷ്ഠിതമായ പഠന ബോധന രീതികളും വന്നപ്പോൾ അത് കണ്ണുതുറന്നു കാണാനും പഠിക്കാനും മടിച്ചുനിൽക്കുകയും ചെയ്യുന്നു.

> വളരെ വ്യവസ്ഥാപിതമായി നടന്നുകൊണ്ടിരിക്കുന്ന ഒരു വിദ്യാഭ്യാസ സംവിധാനം (പ്രൈമറി മദ്‌റസ മുതൽ അറബിക്കോളേജുകളും ദർസുകളും വരെ) ചോരയും നീരും നൽകി സമുദായം നിലനിർത്തുമ്പോഴും കാലഹരണപ്പെട്ടതും അന്യംനിൽക്കുന്നതുമായ പഠന ബോധന രീതിയും ബോധനശാസ്ത്രവുമാണ് പിന്തുടരുന്നത്. ഗവേഷണത്തിനും ദാർശനിക നിർധാരണത്തിനും സഹായകമായ വേദഗ്രന്ഥവും പ്രവാചകചര്യയും പരീക്ഷിച്ച് ബോധ്യപ്പെടാൻ സഹായകമായ സ്ഥാപനങ്ങൾ കൈയിലുണ്ടായിട്ടും വേണ്ടതു ചെയ്യാതെ മറ്റുള്ളവരുടെ പിന്നാലെ പോകുകയും ആശിച്ചത് കിട്ടാതെ അരിശം കൊള്ളുകയും ചെയ്യുന്ന ദുരവസ്ഥയിൽ നിന്ന് സമുദായത്തെ കരകയറ്റാൻ സമുദായ നേതൃത്വം ഒന്നിച്ചുണരേണ്ടിയിരിക്കുന്നു.

ഇസ്‌ലാം പഠനത്തിനും മനനത്തിനും വിജ്ഞാനാർജനത്തിനും പരമപ്രാധാന്യവും മഹത്വവും കൽപിക്കുന്നു. തികഞ്ഞ ഉൾക്കാഴ്ചയോടുകൂടി മാത്രമേ ദൈവവിശ്വാസമടക്കമുള്ള കാര്യങ്ങൾ സ്വീകാര്യമാകൂ എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. വായിക്കാനും പഠിക്കാനും പ്രേരണ നൽകിക്കൊണ്ടാണ് ഖുർആൻ അവതരണമാരംഭിക്കുന്നതുതന്നെ. ഖുർആനിലെ താഴെ പദങ്ങളുടെ ആവർത്തനത്തിന്റെ കണക്കുതന്നെ ഈ വസ്തുത വെളിപ്പെടുത്തുന്നു.

(കിതാബും -പുസ്തകം- അതിൽനിന്ന് നിഷ്പന്നമായ പദങ്ങളും-227, ഇൽമും -അറിവ്- അതിൽനിന്ന് നിഷ്പന്നമായ പദങ്ങളും-779, അഖ്‌ലും -ബുദ്ധി- അതിൽനിന്ന് നിഷ്പന്നമായ പദങ്ങളും-49, തഫക്കുർ, തദക്കുർ -ചിന്ത, മനനം- എന്നീ പദങ്ങളും അതിൽനിന്ന് നിഷ്പന്നമായ പദങ്ങളും-69, ഫുആദ്, ഉലുന്നുഹാ -ചിന്തിക്കുന്ന മനസ്, ധിഷണാ ശാലികൾ- തുടങ്ങിയ പദങ്ങൾ-34, സംഅ് -കേൾവി- 184, ബസ്വർ -കാഴ്ച- 148).

മാനവരാശിയുടെ മാർഗദർശികളായ പ്രവാചകന്മാരുടെ നിയോഗത്തെ പരാമർശിക്കുന്നിടങ്ങളിൽ, 'ഗ്രന്ഥം പഠിപ്പിക്കുന്നതിനും, യുക്തിജ്ഞാനം നൽകുന്നതിനും, ദൃഷ്ടാന്തങ്ങൾ മനനം ചെയ്ത് പഠിപ്പിക്കുന്നതിനും' എന്നു പറഞ്ഞതായി കാണുന്നു. ഇത്തരത്തിലുള്ള ഒരു വേദം കൈയിൽ നൽകി ജനങ്ങൾക്ക് വേണ്ടി എഴുന്നേൽപിക്കപ്പെട്ടവരാണ് നിങ്ങൾ എന്നറിയിക്കപ്പെട്ടവരാണ് മുസ്‌ലിം സമുദായം. എന്നിട്ടും തലമുറകളെ വളർത്തിയെടുക്കേണ്ടുന്ന വിദ്യാഭ്യാസ മേഖലയിൽ പൊതു സമൂഹത്തിന് നേതൃത്വം നൽകാനും വഴികാട്ടാനും ഈ സമുദായ നേതൃത്വത്തിന്നാകുന്നില്ല. മാത്രമല്ല, മറ്റാരെങ്കിലും പഠിച്ച് പരീക്ഷിച്ച് മുന്നോട്ടു വെക്കുന്ന കാഴ്ചപ്പാടുകളെ ക്രിയാത്മകമായി വിലയിരുത്തുകയോ അതിന്നു സംവിധാനമൊരുക്കുകയോ ചെയ്യാതെ പുറംതിരിഞ്ഞുനിൽക്കുകയും ചെയ്യുന്നു. മാനവരാശിക്ക് മാർഗ ദർശനമായി അല്ലാഹു നൽകിയ വേദഗ്രന്ഥവും പ്രവാചകചര്യയും ഏതാനും ആചാരാനുഷ്ഠാനങ്ങളിൽ പരിമിതപ്പെടുത്തുകയും വിദ്യാഭ്യാസമേഖലക്കും ബോധനശാസ്ത്രത്തിന്നും അതിൽ മാതൃകയില്ല എന്ന മട്ടിൽ പുറംതിരിഞ്ഞുനിൽക്കുകയും ചെയ്യുന്നത് നിരാശാജനകമാണ്. വിദ്യാഭ്യാസ ചിന്തകളുമായി ഖുർആനിലൂടെ കണ്ണോടിക്കുന്ന ഒരു വ്യക്തിക്ക്, ചേഷ്ടാവാദത്തിലധിഷ്ഠിതമായ പഠനബോധന രീതിയേക്കാളും ബോധന ശാസ്ത്രത്തെക്കാളും വിദ്യാഭ്യാസ മേഖലയിലെ നൂതന പരിഷ്കരണങ്ങൾക്കാധാരമായ ജ്ഞാനനിർമിതിവാദം (Constructivism), ബഹുമുഖ ബുദ്ധിശക്തി (Multiple Intelligence), വൈകാരിക ബുദ്ധിമാപിനി (Emotional Quotient)

എന്നിവയോടാണ് ആഭിമുഖ്യം വർദ്ധിക്കാൻ ഇടയാകുന്നത്.

ഒന്നിച്ച് ഒറ്റ ഗ്രന്ഥമായി അവതരിപ്പിക്കുന്നതിന് പകരം ഇരുപത്തിമൂന്നു വർഷം കൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിച്ചും പരിഹാരം നിർദേശിച്ചും വിശകലനം നടത്തിയാണ് ഖുർആന്റെ അവതരണം പൂർത്തിയായത്. അവതരണ പശ്ചാത്തലങ്ങൾ വിലയിരുത്തുമ്പോൾ ഓരോ പ്രശ്നത്തെയും പശ്ചാത്തലത്തെയും അടിസ്ഥാനമാക്കി അതിനെ വിശകലനം ചെയ്തും നിരൂപണം നടത്തിയും ധാരണ നേടാനും ആശയങ്ങൾ രൂപീകരിക്കാനും പ്രേരിപ്പിക്കുന്ന ആഖ്യാന രീതിയാണ് ഖുർആൻ സ്വീകരിച്ചതെന്നു കാണാം.

● ഏകദൈവവിശ്വാസം, പരലോകവിശ്വാസം എന്നിവ വിശദീകരിക്കുമ്പോൾ പോലും ഭൂമിയിൽ സഞ്ചരിക്കാനും ദൃഷ്ടാന്തങ്ങൾ പഠിക്കാനും ചിന്തിക്കാനും മനനംചെയ്യാനും പ്രേരിപ്പിക്കുന്ന സൂക്തങ്ങളും പ്രയോഗങ്ങളും അന്വേഷണാത്മക പഠനം, കണ്ടെത്തൽ പഠനം, സംവാദാത്മകപഠനം തുടങ്ങിയവയിലേക്ക് വെളിച്ചം വീശുന്നു.

● പ്രവാചകന്മാരുടെ ചരിത്രങ്ങളടക്കം ഖുർആൻ മുന്നോട്ടു വെക്കുന്ന ചരിത്രാഖ്യാന രീതികൾ പരിശോധിച്ചാൽ ആനുകാലിക സംഭവങ്ങളുമായി താരതമ്യം ചെയ്ത് സ്വന്തത്തിനും സമൂഹത്തിനും ആവശ്യമായ ധാരണകളും ആശയങ്ങളും നേടാൻ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന തരത്തിലാണെന്ന് തിരിച്ചറിയാൻ സാധിക്കുന്നു.

● സംഭാഷണങ്ങളും സംഭവവിവരണങ്ങളും കഥകളും കോർത്തിണക്കിക്കൊണ്ടുള്ള ആഖ്യാന രീതിയിലൂടെ ഒട്ടും മടുപ്പുണ്ടാക്കാത്ത വിധം വൈജ്ഞാനിക മേഖലകളിലേക്ക് ആഴത്തിലും പരപ്പിലും നയിക്കുന്ന ഖുർആനിക ശൈലിയും പഠന വിധേയമാക്കാവുന്നതല്ലേ?

● കുട്ടികളുടെ ബൗദ്ധികമേഖല (Cognitive domain), വൈകാരികമേഖല (Affective domain), ഇന്ദ്രിയചാലക മേഖല (Psychomotor domain), സർഗാത്മകത (Creativity), വ്യക്തിത്വ ഗുണങ്ങൾ (Personal qualities) തുടങ്ങി മുഴുവൻ മേഖലകളെയും സമഗ്രമായി കണ്ടുകൊണ്ടുള്ള പഠനബോധന രീതിയും അതിന്നനുയോജ്യമായ വിധത്തിലുള്ള നിരന്തരവും സമഗ്രവുമായ മൂല്യനിർണയ രീതിയും ഖുർആനിക കാഴ്ചപ്പാടിനോട് കൂടുതൽ അടുത്തുനിൽക്കുതായി കാണാം.

ആധുനിക കാഴ്ചപ്പാടുകളിലും ദർശനങ്ങളിലും പിശകുകളും കുറവുകളും ഇല്ലെന്നല്ല. ഒറ്റവാക്കിൽ തള്ളിക്കളയുന്നതിനു പകരം പഠിക്കേണ്ടിയിരിക്കുന്നു എന്നു സൂചിപ്പക്കുക മാത്രമാണ്. മതവിദ്യാലയങ്ങളിലൂടെ നൽകുന്ന പല ആശയങ്ങളും ധാരണകളും ഗവേഷണം നടത്തി കണ്ടെത്തേണ്ടതോ നിർമ്മിച്ചെടുക്കേണ്ടതോ അല്ല. പക്ഷേ, ജ്ഞാനനിർമിതിവാദവും മറ്റും ഒരു തന്ത്രം, രീതി എന്ന നിലയിൽ എത്രമാത്രം പ്രയോജനപ്പെടുത്താമെന്നാണ് ചിന്തിക്കേണ്ടത്. പത്തായത്തിലെ നെല്ലെടുത്ത് കുത്തി കുട്ടിക്ക് ഭക്ഷണം കൊടുക്കാതെ പാടത്തുപണിയെടുത്ത് നെല്ലുണ്ടാക്കി ഭക്ഷണം കഴിക്കാൻ കുട്ടിയെ നിർബ്ബന്ധിക്കുന്നതും, ഏതു പ്രായത്തിലും ചോറുരുളയാക്കി വായിൽ വെച്ചുകൊടുത്ത് വിഴുങ്ങിപ്പിക്കുന്നതും ഒരുപോലെ തെറ്റാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. അപ്രകാരം തന്നെ ജ്ഞാനനിർമിതി വാദത്തിലധിഷ്ഠിതമായ പഠനബോധന രീതിയും, വിമർശനാത്മക ബോധനശാസ്ത്രവുമെല്ലാം വ്യത്യസ്ത പഠന മാർഗ്ഗങ്ങളാണെന്നു പറയാം. ഈ രീതികളും തന്ത്രങ്ങളുമുപയോഗിച്ച് ഏത് ആശയങ്ങളും ധാരണകളുമാണ് കുട്ടികളിൽ സൃഷ്ടിക്കപ്പെടുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും അതിന്റെ നന്മയും തിന്മയും. ആശയങ്ങളും ധാരണകളും വളർത്താൻ ഇത് എത്രമാത്രം സഹായകമാണ് എന്നതാണ് പഠന വിധേയമാക്കേണ്ടത്.

പരിശുദ്ധ വേദഗ്രന്ഥം നൽകി ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ട മുസ്‌ലിം സമൂഹം മാനവരാശിക്ക് വിദ്യാഭ്യാസ മേഖലയടക്കം മുഴുജീവിതത്തിന്നും മാർഗദർശനം നൽകാൻ വിധിക്കപ്പെട്ടവരാണ്. അതിനാൽതന്നെ ഖുർആനിൽ നിന്നും പ്രവാചക ചര്യയിൽനിന്നും വിദ്യാഭ്യാസ ദർശനങ്ങൾ നിർധാരണം ചെയ്തെടുക്കാനും പൊതുസമൂഹത്തിന്റെ അംഗീകൃത പദാവലി(Terminology) ഉപയോഗിച്ച് പൊതുസമൂഹത്തിലവതരിപ്പിക്കാനും അവർ ബാധ്യസ്ഥരാണ്. അല്ലാതെ മറ്റാരെങ്കിലും മുന്നോട്ടുവെക്കുന്ന ദർശനങ്ങളെ ഭാഗികമായി വിലയിരുത്തി മാറിനിൽക്കേണ്ടവരല്ല മുസ്‌ലിം ഉമ്മത്ത്. വളരെ വ്യവസ്ഥാപിതമായി നടന്നുകൊണ്ടിരിക്കുന്ന ഒരു വിദ്യാഭ്യാസ സംവിധാനം (പ്രൈമറി മദ്റസ മുതൽ അറബിക്കോളേജുകളും ദർസുകളും വരെ) ചോരയും നീരും നൽകി സമുദായം നിലനിർത്തുമ്പോഴും കാലഹരണപ്പെട്ടതും അന്യംനിൽക്കുന്നതുമായ പഠനബോധന രീതിയും ബോധനശാസ്ത്രവുമാണ് പിന്തുടരുന്നത്. ഗവേഷണത്തിനും ദാർശനിക നിർധാരണത്തിനും സഹായകമായ വേദഗ്രന്ഥവും പ്രവാചകചര്യയും പരീക്ഷിച്ച് ബോധ്യപ്പെടാൻ സഹായകമായ സ്ഥാപനങ്ങൾ കൈയിലുണ്ടായിട്ടും വേണ്ടതു ചെയ്യാതെ മറ്റുള്ളവരുടെ പിന്നാലെ പോകുകയും ആശിച്ചത് കിട്ടാതെ അരിശം കൊള്ളുകയും ചെയ്യുന്ന ദുരവസ്ഥയിൽ നിന്ന് സമുദായത്തെ കരകയറ്റാൻ സമുദായ നേതൃത്വം ഒന്നിച്ചുണരേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ പഠനഗവേഷണ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുകയും മതപഠന മേഖല സമഗ്രമായ പരിവർത്തനത്തിനു വിധേയമാക്കുകയുമാണ് പരിഹാരം. ■